# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ–മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050


നം : എ1- **2620/2024** തീയ്യതി : **07.09.2024**

## ബസ് വാടകയ്ക്കെടുക്കുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസ്

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കിവരുന്ന **NABARD** പദ്ധതി – തുടങ്ങിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ കാർഷിക സ്ഥാപനങ്ങൾ, കർഷകത്തോട്ടങ്ങൾ എന്നിവ സന്ദർശിക്കൽ, പരിശീലനം സംഘടിപ്പിക്കൽ എന്നീ ആവശ്യങ്ങൾക്കായി ഒരു ബസ് (42-54 സീറ്റുള്ളത്) ഡ്രൈവർ അടക്കം നൽകുന്നതിന് മലപ്പുറം ജില്ലയിലുള്ള ബസ് ഓപ്പറേറ്റേഴ്സ് ഏജൻസികളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. താഴെ നൽകിയിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കാൻ തയ്യാറായ ബസ് ഓപ്പറേറ്റർ/ഏജൻസികൾക്ക് ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.

### നിബന്ധനകൾ

1. ഒരു ദിവസം വണ്ടി വാടക, ഇന്ധന ചെലവ്, ഡ്രൈവറുടെ ബത്ത എന്നിവയടക്കം 100 കി.മീ ബസ് ഓടുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തണം.
2. ഒരു ദിവസം 100 കിലോമീറ്ററിൽ കൂടുതൽ ഓടുന്ന സാഹചര്യത്തിൽ ഓരോ അധിക കിലോമീറ്ററിനുമുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തണം.
3. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസി/സ്ഥാപനത്തിന്റെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതായിരിക്കും.
4. യാത്രയ്ക്ക് അനുവദിക്കുന്ന വാഹനം നല്ല റണ്ണിംഗ് അവസ്ഥയിലായിരിക്കണം (10 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടാകാൻ പാടുള്ളതല്ല).
5. വാഹനം സമഗ്രമായി ഇൻഷൂറൻസ് ചെയ്തിട്ടുള്ളതും ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും പെർമിറ്റ്/ക്ലിയറൻസ് എടുത്തിട്ടുള്ളതുമായിരിക്കണം. കൂടാതെ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.
6. യാത്രക്കിടെ വാഹനം മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.
7. ദൂരം കണക്കാക്കുന്നത് ഈ സ്ഥാപനത്തിൽ നിന്നും പുറപ്പെട്ട് തിരിച്ച് ഇവിടെ എത്തുന്നതുവരെ ആയിരിക്കും.
8. വാഹനം ഓടിക്കുന്നതിന് എൽ.പി.ജി സിലിണ്ടറുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
9. ഏതെങ്കിലും കാരണത്താൽ സേവനത്തിനിടെ വാഹനം തകരാറിലാവുകയാണെങ്കിൽ ക്വട്ടേഷണർ മറ്റൊരു വാഹനം ഏർപ്പെടുത്തേണ്ടതാണ്.
10. ക്വട്ടേഷണർ വാഹനം ഓടിക്കാൻ ഏൽപ്പിക്കുന്ന ഡ്രൈവറുടെ പേര്, വിലാസം എന്നിവ ഈ ഓഫീസിൽ യാത്രയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഡ്രൈവർ അംഗീകൃത ലൈസൻസ് ഉള്ള ആളായിരിക്കണം.
11. യാത്രക്കിടെ വാഹനത്തിനുണ്ടായേക്കാവുന്ന കേടുപാടുകൾ, അപകടം എന്നിവയ്ക്ക് സാമ്പത്തികമായോ വ്യക്തിപരമായോ ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുകയില്ല.
12. യാത്രക്കിടയിൽ വരാവുന്ന ടോൾ ടാക്സ്, സ്പെഷ്യൽ പെർമിറ്റ് ഫീ, പാർക്കിംഗ് ചാർജ്ജ് എന്നിവ രേഖാമൂലമുള്ള തെളിവുകൾ നൽകി ആവശ്യപ്പെടാവുന്നതാണ്.
13. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം 100/- രൂപയുടെ മുദ്രപത്രത്തിൽ കരാർ എഴുതി ഒപ്പിട്ട് നൽകേണ്ടതാണ്.
14. ക്വട്ടേഷൻ തിരസ്കരിക്കുന്നതിനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം കേന്ദ്രമേധാവിയിൽ നിക്ഷിപ്തമാണ്. സർക്കാർ ക്വട്ടേഷന്റെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമാണ്.
15. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് "ബസ് ട്രിപ്പിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി എഴുതി **19.09.2024** തീയ്യതി രാവിലെ 11.00 മണിക്ക് മുമ്പ് പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ നൽകണം. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം 11.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.

**(ഒപ്പ്)**

പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ് (ഫാം ഓഫീസ്/ഓഫീസ്)

ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്

കെ.എ.യു വെബ്സൈറ്റ്/ആനക്കയം കൃഷിഭവൻ/റേഷൻ കട